ഉത്തരം

(എ) സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിലവിലുള്ള ഐ. പി. സംവിധാനം നിറുത്തലാക്കിയിട്ടില്ല. എന്നാൽ ഡോക്ടർമാരുടെ കുറവും, മറ്റു ഭൗതിക സൗകര്യങ്ങളുടെ അഭാവം മൂലവും ചില സ്ഥാപനങ്ങളിൽ മുടങ്ങിക്കിടന്നിരുന്ന ഐ. പി. സംവിധാനം പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1200 ജീവനക്കാരെ.

(സി) ഡോക്ടർമാരുടെയും, നേഴ്സുമാരുടെയും നിയമനം നടന്നുവരുന്നു. ബാക്കി തസ്തികകളിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പി. എച്ച്. സി.-കളിൽ ഐ. പി. വിഭാഗം പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്.

ഹെൽത്ത് സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ നിയമനം

135 [140] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസസ് വകുപ്പിൽ ആകെ എത്ര ഡോക്ടർമാർ ഉണ്ട്;

(ബി) ഇപ്പോൾ എത്ര പേർ ശൂന്യവേതന അവധിയിലാണ്;

(സി) ഇപ്പോൾ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ഡി) 2001-02, 2002-03, 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ പി. എസ്. സി. വഴി എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3898 ഡോക്ടർമാരുണ്ട്.

(ബി) 381 ഡോക്ടർമാർ ശൂന്യവേതന അവധിയിലാണ്.

(സി) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുണ്ടായിരുന്ന 620 തസ്തികകളിൽ പി. എസ്. സി. അഡ്വൈസ് ചെയ്ത 614 പേർക്ക് 15-1-2005-ൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇവരിൽ ഉപരി പഠനം നടത്തുന്ന 215 പേർ ഇപ്പോൾ ജോലിയിൽ പ്രവേശിക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ അസിസ്റ്റന്റ് സർജന്റെ അത്രയും ഒഴിവുകൾ ഉണ്ടാകാൻ ഇടയുണ്ട്. ഇതുകൂടാതെ ഡോക്ടർമാരുടെ 131 ഒഴിവുകൾ ഉണ്ട്. (6 അസിസ്റ്റന്റ് സർജൻ, 125 സിവിൽ സർജൻ).

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) ഓരോ വർഷവും നിയമിച്ചിട്ടുള്ള ഡോക്ടർമാരുടെ കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	ഡോക്ടർമാരുടെ എണ്ണം
2001-02	450
2002-03	300
2003-04	16
2004-05	614

കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

136 [141] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ;

(ബി) എങ്കിൽ 2004 ഡിസംബർ 31-ന് എത്രപേർക്ക് ഇൻപേഷ്യന്റ് ആയി ചികിത്സ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ തസ്തികകൾ ഒഴിവ് ഉണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ നിരീക്ഷണത്തിനായി കുറച്ചു സമയത്തേയ്ക്ക് രോഗികളെ കിടത്താറുണ്ട്.

(ബി) നിരീക്ഷണാർത്ഥം 31-12-2004-ൽ മൂന്ന് രോഗികളെ കുറച്ചു സമയത്തേയ്ക്ക് കിടത്തിയിരുന്നു.

(സി) ഉണ്ട്. ഒഴിവുള്ള തസ്തികകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

സിവിൽ സർജൻ	. .	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	. .	2
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	. .	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	. .	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II	. .	1

LIBRARY ARCHIVES Kerala Legislative Assembly